# ഡബിൾ ക്ലിക്ക്

ഡിജിറ്റൽ മാഗസിൻ 2018-19

## പാണ്ടിക്കാട് ഗവ ഹൈസ്കൂൾ



ലിറ്റിൽ കൈറ്റ് അംഗങ്ങളുടെ ആദ്യ സംരഭം..............

മാഗസിന്  എല്ലാ ആശംസകളും നേരുന്നു

H M & STAFF

താളുകൾ മറിക്കുമ്പോൾ

കഥകൾ.....കവിതകൾ.....തിരക്കഥകൾ

ശൈലികൾ......മഴച്ചൊല്ലുകൾ.......

ചോദ്യങ്ങൾ..ഉത്തരങ്ങൾ......

# ഒരു പ്രളയകാല ഓർമ്മ

മഹമ്മദ് മുഷ്താഖ്.10F

അന്നത്തെ ഓണം

ഗംഭീരമായിരുന്നു

വീടും വീട്ടുകാരുമില്ലെങ്കിലും

ഒത്തൊരുമയുടെ നിറവിൽ

ദുരിതാശ്വാസ ക്യാമ്പിന്റെ

അകത്തളങ്ങളെ

ആഘോഷത്തിലാഴ്ത്തി

അറിഞ്ഞവരും അറിയാത്തവരും

കണ്ടവരും കാണാത്തവരം

എല്ലാവർക്കും''ഒരേ ദുഃഖം''

ഒരേ മൗനം,ഒരേ ഹൃദയം

ഒത്തൊരുമയുടെ മഹാവിജയത്തിൽ

അല്പം കയ്പ്പ് നീര്‍ രുചിച്ച്

ഏകാന്തതയെ ഇഷ്ട്പ്പെടുന്ന

എനിക്കറിയാം ഇന്ന്

"ഒരുമ" യുടെ പെരുമ..

ഇന്നും എന്നും വേണം

ലോകത്തിന് മാതൃകയായി

മലനാടിന്റെ പെരുമ.

# മഴചൊല്ലുകൾ

*അത്തം കറുത്താൽ ഓണം വെളുക്കും.

*അന്തിക്കുവന്ന മഴയും അമ്മ്യാരെ പിടിച്ച പിശാചുംപോകില്ല.

*ഇടവത്തിൽ പാതിവർഷം.

*ഇന്നലെ പെയ്ത മഴ;ഇന്നു മുളച്ച തകര.

*ഇരുപത്തിരണ്ടു മഴയും എണ്ണിച്ചൊരിഞ്ഞു.

*ഒരു വേനലിന് ഒരു മഴ.

*കന്നിമഴ കണ്ണീരും കൈയ്യുമായ്.

*കർക്കടകം തീർന്നാൽ കുട വേണ്ട.

*കുംഭത്തിൽ മഴപെയ്താൽ കുപ്പയിലും മാണിക്യം.

*ചിങ്ങത്തിൽ മഴ ചിണുങ്ങി ചിണുങ്ങും.

*ചെമ്മാനം കണ്ടാൽ അമ്മാനത്ത് മഴയില്ല.

*തുള്ളിക്കൊരു കുടം പേമാരി.

*തിരുവാതിരയിൽ തിരുമുറിയാതെ.

* തെക്കു കണ്ട മഴക്കാറും ദത്തെടുത്ത മക്കളും പ്രയോജനം ചെയ്യില്ല.

*പുല്ലും നെല്ലും പെരുമഴ പെയ്താൽ കുളിരില്ല.

*മഴ പെയ്ത് നിന്നാലും മരം പെയ്യും.

*മണലിൽ മഴ പെയ്തപോലെ.

*മകരത്തിൽ മഴപെയ്താൽ മലയാളം മുടിയും.

*മഴ പെയ്താൽ  നിറയാത്തത് കോരി ഒഴിച്ചാൽ നിറയുമോ.

*മഴ പെയ്താൽ പുഴയറിയും.

*മീനത്തിൽ മഴപെയ്താൽ മീൻ കണ്ണുപോലെ.

*രാവിലത്തെ മഴയും രാവിലത്തെ വിരുന്നും വിശ്വസിക്കേണ്ട.

അക്ഷയ് രാമചന്ദ്രൻ

# ഇലഞ്ഞി മുത്തശ്ശി

കിങ്ങിണിപ്പുഴയുടെ തീരത്താണ് അനുവും മിനുവും താമസിച്ചിരുന്നത്.മിനുവിന് പത്തുവയസ്സും അനുവിന് ഏഴുവയസ്സുമായിരുന്നു.ഒരു ദിവസം അവർ പറമ്പിലെ കുഞ്ഞു ചെടികളും പുല്ലുകളുമെല്ലാം ഒരു രസത്തിന് പറിച്ച് കളിക്കുകയായിരുന്നു.അപ്പോൾ 'കുട്ടികളെ' എന്നൊരു ശബ്ദം കേട്ടു.അവർ തിരിഞ്ഞു നോക്കി.ഇലഞ്ഞിമുത്തശ്ശിയായിരുന്നു അവരെ വിളിച്ചത്.”എന്താ ഇലഞ്ഞിമുത്തശ്ശി...”കുട്ടികൾ ചോദിച്ചു.കുട്ടികളെ... നിങ്ങളിങ്ങനെ ചെടികളും പുല്ലുകളുമൊന്നും പറിച്ച് നശിപ്പിക്കരുത്,അത് പ്രകൃതിക്ക് ദോഷം ചെയ്യും.എന്ത് ദോഷമാ മുത്തശ്ശി... കുട്ടികൾ ചോദിച്ചു.മഴ പെയ്താൽ മണ്ണ് ഒലിച്ചു പോകുന്നത് തടയുന്നത് പുല്ലുകളൊക്കെയാണ്.പുല്ലുകളും മരങ്ങളും ഉണ്ടെങ്കിൽ മണ്ണ് ഒലിച്ച് പോകില്ല.മണ്ണ് ഒലിച്ച് പോയാൽ മരങ്ങൾ കടപുഴകിവീഴും.അതിനാൽ

നിങ്ങൾ മരങ്ങളെ സംരക്ഷിക്കുകയാണ് വേണ്ടത്.ഇലഞ്ഞി മുത്തശ്ശിയുടെ വാക്ക് കേട്ട് പിറ്റേന്ന് അവർ രണ്ടുപേരും പറമ്പിൽ മരങ്ങൾ നട്ടുപിടിപ്പിച്ചു. ഇലഞ്ഞി മുത്തശ്ശി ഇത് കണ്ടപ്പോൾ അവരെ വിളിച്ചുകൊണ്ട് പറഞ്ഞു.കുട്ടികൾ ഇങ്ങനെയാണ് ചെയ്യേണ്ടത്.അല്ലാതെ മരങ്ങൾ നശിപ്പിക്കുകയല്ലാ ചെയ്യേണ്ടത്.അപ്പോൾ അവർക്ക് മനസ്സിലായി മരങ്ങൾ സംരക്ഷിക്കുകയാണ് വേണ്ടത്.അപ്പോൾ അനുവും മിനുവും പരസ്പരം നോക്കി നിന്നു.പെട്ടന്ന് മഴപെയ്തു.അവർ വീടിനടുത്തേക്ക് ഓടാൻ തുടങ്ങി. മഴയിൽ കുളിച്ചാനന്തിക്കുന്ന ഇലഞ്ഞി മുത്തശ്ശിയെ നോക്കി അവരിരുവരും വീടിന്റെ ഉമ്മറത്തുവന്നിരുന്നു.

# ഏറ്റവും മുന്നിൽ

ഏറ്റവും വലിയ വജ്രം -ദി കള്ളിനൻ

ഏറ്റവും വലിയ സർവകലാശാലാമന്ദിരം- ലൊമൊൺറാവ്

ഏറ്റവും വലിയ നടപ്പത- ബ്രോഡ്വേ

ഏറ്റവും വലിയ ക്ഷേത്രം -അങ്കാർവത്ത്

ഏറ്റവും വലിയ ലൈബ്രറി- യുണൈറ്റഡ് സ്റ്റേറ്റ്സ് ലൈബ്രറി ഓഫ് കോൺഗ്രസ്

ഏറ്റവും വലിയ നിയമനിർമാണ സഭ-നാഷണൽ പീപ്പിൾസ് കോൺഗ്രസ്

ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള നഗരം -ടോക്കിയോ

ഏറ്റവും വലിയ ബാങ്ക് ലോക ബാങ്ക്

ലോകത്തിലെ ഏറ്റവും വലിയ വന്യജീവി സങ്കേതം -സെലൂസ് ഗയിം റിസർവ്

ലോകത്തിലെ ഏറ്റവും തിരക്കേറിയ അന്തർദേശീയവിമാനതാവളം - ഹീത്രോ വിമാനത്താവളം

ലോകത്തിലെ ആദ്യ രാജ്യം -അർമേനിയ

ഏറ്റവും വലിയ വിമാനത്താവളം- കിംഗ് ഖാലിത് ഇന്റർനാഷണൽ

ഏറ്റവും വലിയ വിത്ത് -കൊക്കോ ഡിമെർ

# ഇന്ത്യയിൽ ഏറ്റവും വലിയവ

ഏറ്റവും വലിയ ഡൽറ്റ -സുന്ദർബൻ

ഏറ്റവും വലിയ ഗുഹാക്ഷേത്രം -എല്ലോറ

ഏറ്റവും വലിയ മുസ്ലീംപള്ളി -ജൂമാമസ്ജിദ് (ഡൽഹി)

ഏറ്റവും വലിയ ലൈബ്രറി -നാഷണൽ ലൈബ്രറി (കൊൽക്കത്ത)

ഏറ്റവും ഉയരം കൂടിയ അണക്കെട്ട് -ഭംക്രാനംഗൽ

ഏറ്റവും വലിയ പ്ലാറ്റ്ഫോം -ഖരഗ്പൂർ

ഏറ്റവും വലിയ ബഹുമതി -ഭാരതരത്നം

ഏറ്റവും വലിയ സാഹിത്യ ബഹുമതി -ജ്ഞാനപീഠം അവാർഡ്

ഏറ്റവും വലിയ സൈനിക ബഹുമതി -പരമവീരചക്രം

ഏറ്റവും വലിയ വാതിൽ -ബുലൻഡ് ദർവാസ

ഏറ്റവും വലിയ ഉക്കപാലം -ഹൗറാപാലം

ഏറ്റവും വലിയ പർവതനിര -ഹിമാലയപർവതനിര

ഏറ്റവും ഉയരം കൂടിയ ഗോപുരം -കുത്തബ്മിനാർ

ഏറ്റവും നീളം കൂടിയ അണക്കെട്ട് -ഹിരാക്കുഡ്

ഏറ്റവും നീളം കൂടിയപാലം -മഹാത്മാഗാന്ധി സേതു

ഏറ്റവും വലിയ പൊതുമേഖലാസ്ഥാപനം -ഇന്ത്യൻ റെയിൽവേ

ഏറ്റവും വലിയ തടാകം -വൂളർ തടാകം

ഏറ്റവും വലിയ വെള്ളച്ചാട്ടം -ജോഗ്ഫാൾസ്

ഏറ്റവും വലിയ സ്തൂപം -സാഞ്ചി സ്തൂപം

ഏറ്റവും വലിയ ശുദ്ധജല തടാകം -കൊല്ലേരു

ഏറ്റവും വലിയ പ്ലാനറ്റോറിയം -ബിർള പ്ലാനറ്റോറിയം

ഏറ്റവും വലിയ ഉപ്പു ജല തടാകം -ചിൽക്ക

ഏറ്റവും വലിയ കേന്ദ്രഭരണ പ്രദേശം -ആൻഡമാൻ നിക്കോബാർ ദീപുകൾ

ഏറ്റവും നീളം കൂടിയ ബീച്ച് -മറീന ബീച്ച്

ഏറ്റവും കൂടുതൽ സമുദ്രതീരമുള്ള ജില്ല -ഗുജറാത്ത്

# മോഹക്കൊട്ടാരം

മഹീലഷെറിൻ

മുറ്റത്തെ മാവിൻചുവട്ടിലൂടെയൂ
ഞ്ഞാലാടി ഉയർന്നീടേണം
ആടിഉയരുമ്പോൾ ചില്ലക്കിടയിലെ
തേൻചാറുമൊത്തിക്കുടിച്ചിടേണം
എന്നെയും തള്ളിയാകള്ള
കാറ്റിനൊപ്പം ചില്ലക്കിട
യിലൂടെ ഉയർന്നിടേണം
ഉയർന്നുയർന്നു പോയീടുമ്പോൾ
മാലാഖമാരൊത്ത് കളിച്ചിടേണം
മാനത്തെ മാലാഖമാരൊത്ത്
വെള്ളക്കിടാങ്ങളെ മേച്ചീടണം
മുറ്റത്തെ ഊഞ്ഞാലിലാടിയാടി
മാനത്തെ കൗതുകമേറെയറിഞ്ഞിടേണം
ആടി ഉയരുന്തോറുമറിഞ്ഞിടേണം

# കുസൃതിക്കാറ്റ്....

ജഹാനഷെറിൻ

അമ്മ അടിച്ചുവാരിവെച്ച ചപ്പു ചവറുമെല്ലാം
ഊതിപ്പറത്തീട്ട് മറഞ്ഞുപോയ കാറ്റേ
ഉമ്മറത്തിണ്ണയിൽ വെച്ച പാത്രങ്ങളെല്ലാം
താഴേക്കിട്ടുപോയ കുസൃതിക്കാറ്റേ.......
വില്ലത്തരങ്ങൾ കാട്ടി നീ എങ്ങു
മറഞ്ഞുപോകുന്നു........
വമ്പൻകാറ്റേ ...ഓടിപോകുന്ന
തെങ്ങോട്ടാ ? കുസൃതിക്കാറ്റേ...

## ഉദയാസ്തമയം

**ഏതോ നിശതൻ ശാഖയിൽ**
**നീ കവർന്നെടുത്തതാണെൻ ഹൃദയം**
**പാതിരമാഞ്ഞ നേരത്തു**
**കുയിൽ താളവട്ടത്തിൽ ഏതോ**
**സീര്യ കിരണങ്ങളെ പോൽ**
**തഴുകിയതാണെൻ ഹൃദയം**
**ആരോടുമനുവാദമില്ലാതെ**
**നീയെൻ ഹൃദ്കവാടത്തിൽ താഴുറന്നു**
**എന്നിലേക്കലിഞ്ഞ നീയെൻ സിറകളിലൂടൊഴുകി**
**പ്രവാഹമായ് പ്രളയമായ്**
**ഒടുവിൽ നിന്നോടെനിക്ക് പ്രണയമായ്**
**ഞാനറിയാതലിഞ്ഞു പോയ്**
**പാഴ്ദിനങ്ങളിൽ നിൻ ഓരോ മൗനങ്ങളും**
**നേർത്തോരമ്പായ് എന്നിൽ**
**തറഞ്ഞു പോയ്**
**ഒരു നേർത്ത നിൻ വാ മൊഴിക്കായ്**
**കൊതിച്ചു പോയി**
**നിൻ മൗനം പലവട്ടം**
**നമ്മിൽ വിടവുകൾ തീർത്തു പോയ്**
**നമ്മിലെ മൗനങ്ങൾ വിടവിൻ**
**ദീർഘമായിരുന്നെന്നു ഞാൻ**
**അറിയാതെ പോയ നാളുകൾ**
**അന്തയായ് അലയുകയായിരുന്നു**

**ഓരോ മേടമാരിയിൽ പോൽ**
**ഞാനറിയാതെ പോയൊരു നേരമെൻകിലും ഓർത്തതില്ല**
**ആ....വിടവിലൂടൊഴുകുന്നോരോ**
**ജലതുറ്റപോലിന്നൊരരുവിയായ്**
**നദിയായ് സമുദ്രമായിന്നുപോലും**
**ഒടുവിലതെൻ കണ്ണുനീരായ്**
**ശേഷിക്കുമെന്നു പോലും.**

**ഉണ്ണിമായ.പി**
***10.I***

# മാന്ത്രിക നാണയം

സജിൽ

എന്റെ കഥ നടക്കുന്നത് കുമാരപുരി എന്ന അതിസുന്ദരമായ അതി വിശാലമായ ഒരു രാജ്യത്താണ്. രാജ്യത്തിന്റെ പൊന്നോമനയായ ശ്രീ വിക്രമാദിത്യയായിരുന്ന രാജാവ്. ക്ഷേമ സമ്പന്നമായ ആ രാജ്യത്തിന്റെ അതിർത്ഥി വിസ്ഥാരം കൂടിക്കൂടി വന്നു. അതിനുപിന്നിൽ ഒരു രഹസ്യമുണ്ട്.

ഒരിക്കൽ വിക്രമാദിത്യ തമ്പുരാന്റെ അച്ഛൻ ഒരു മാന്ത്രിക നാണയം കൊടുത്തു. എങ്ങനെ ടോസ് ചെയ്താലും ഹെഡ് ആയിവരുന്ന ഒരു മാന്ത്രിക നാണയം. അങ്ങനെ വിക്രമാദിത്യ തമ്പുരാൻ ഏതു യുദ്ധത്തിനു പോകുന്നതിന് മുമ്പും തന്റെ സൈന്യത്തോട് പറയും, ഇത് ഹെഡായാൽ ഈ യുദ്ധത്തിന് നമ്മൾ വിജയിക്കും. ഇത് ടെയിൽ ആയാൽ ഈ രാജ്യം ആ രാജ്യത്തിനു കീഴിൽ അടിയറവ് വെക്കേണ്ടി വരും. ഇങ്ങനെ പറഞ്ഞ്കൊണ്ട് അവരുടെ മുന്നിൽ നിന്ന് തന്നെ ടോസ് ചെയ്യുകയും അത് ഹെഡ് ആവുകയും ചെയ്യും.

അങ്ങനെ അവർ ഉത്സാഹത്തോടെ യുദ്ധം ചെയ്യുകയും വിജയം കൈവരിക്കുകയും ചെയ്യും.

അങ്ങനെ കാലങ്ങൾ കടന്നുപോയി, മഹാരാജാവിന് വയസ്സായി. കിടപ്പിലായി. ഒരു ദിവസം രാജാവ് തന്റെ മകൻ മഹാദേവനെ വിളിച്ച് സംസാരിക്കവേ മകൻ ചോദിച്ചു. പിതാവേ...? അവസാനമായിട്ട് അങ്ങയുടെ ആ മാന്ത്രിക നാണയം ഒന്നുകാണിച്ച് തരുകയും അതിന്റെ ഉള്ളിലെ രഹസ്യത്തെ ഒന്ന് പറഞ്ഞുതരൂ.

അപ്പോൾ മഹാരാജാവ് പറഞ്ഞു. ഇതാ ആ മാന്ത്രിക നാണയം. പെട്ടന്ന് മഹാദേവൻ ചാടിയെഴുന്നേറ്റു. എന്നിട്ട് പറഞ്ഞു:- അല്ലയോ രാജാവേ അങ്ങനെ ഈ രാജ്യത്തെയും രാജ്യത്തിന്റെ സൈന്യത്തിനെ യും ചതിക്കുകയാണോ ? ഇതിന്റെ രണ്ട് ഭാഗവും ഹെഡ് ആണല്ലോ? അ പ്പോൾ രാജാവ് പറഞ്ഞു;- മകനെ ,നീ ശാന്തനാവൂ....

എന്റെ അച്ഛൻ എനിക്ക് തന്ന ഈ നാണയം യുദ്ധത്തിനുമുമ്പ് ഞാൻ ടോസ് ചെയ്യും. 2 ഭാഗവും ഹെഡായതിനാൽ സ്വാഭാവികമായും അത് ഹെഡ് വീഴും. അപ്പോൾ നാം നമ്മുടെ സൈന്യ ത്തിന് ആത്മവിശ്വാസം നൽകും നമ്മൾ വിജയിക്കുമെന്ന്.

അപ്പോൾ അവർ ഉത്സാഹത്തോടുകൂടിയും ആത്മവുശ്വാസത്തോടു കൂടിയും അവർ യുദ്ധം ചെയ്തു വിജയിച്ചു വരും.

ഞാനവർക്ക് ചതിയല്ല ചെയ്തത്, അവർക്ക് ആത്മവിശ്വാസം നൽകി നമ്മുടെ രാജ്യത്തെ സംരക്ഷിക്കുകയാണ് ചെയ്തത്. അപ്പോൾ മ മഹാദേവന് കാര്യം മനസിലായതും പിതാവിന്റെ പാത പിൻതുടരുകയും ചെയ്തു.

THE END

(ഞാൻ എഴുതാൻ പോകുന്നത് ഒരാളുടെ രാത്രിയാണ്)

# നിലാവുള്ള രാത്രി

ഹന്ന ഷെറിൻ

രാത്രി 10:30 എന്തോ എന്നെ പുറകിലേക്ക് വലിക്കുന്നു. അത് ഉറക്കമായിരിക്കണം.പക്ഷേ എനിക്ക് ഇനിയും ജോലിയുണ്ട്. ഈ രാത്രി ഉട നീളം . ഞാൻ ഉമ്മറപടിയിലെ ചാരു കസേരയിൽ ഇരുന്നു. ഉറക്കം എന്റെ കണ്ണുകളെ മാടി വിളിക്കുന്നു. എന്തോ നിലാവിൻ വെളിച്ചം എന്റെ കത്.ണ്ണുകളെ പതുക്കെ തുറന്നു. ഞാൻ ആകാശത്തേക്ക് നോക്കി . എന്തൊരു മനോഹരമായ കാഴ്ചയാണത്. ഞാൻ നോക്കുമ്പോൾ ഒരു വൃക്ഷത്തിന്റെ പിറകിലായി ചന്ദ്രൻ നിലാവോടുക്കൂടി ഉദിച്ച് നിൽക്കുന്നു. രാത്രിയായതിനാൽ മരം കറുത്ത നിറത്തിലായിരുന്നു. ഇലകൾക്കിടയിലൂടെ തട്ടി തെറിച്ച നിലാവുകൾ എന്റെ മുഖത്ത് വന്നു തലോടി. എന്നെ മരത്താൽ മറഞ്ഞിരിക്കുന്ന ചന്ദ്രനെ എനിക്ക് നേരെ കാണാൻ ഒരു ആഗ്രഹം തോന്നി. ഞാൻ കസേര വലിച്ച് ചന്ദ്രനും നേരെ നിന്നു. ചന്ദ്രനു ചുറ്റുമുള്ള നക്ഷത്രങ്ങളും ഒരു പന്തലിച്ചു നി്ൽക്കുന്ന മരത്തെ പ്പോലെ എനിക്കു തോന്നി. എന്തോ എനിക്ക് ഇപ്പോൾ ഏകാന്തത അനുഭവപ്പെടുന്നില്ല. ആരക്കെയോ ഉള്ളതുപ്പോലെ. എന്റെ രണ്ടു കണ്ണുകളും ചന്ദ്രനിൽ നിന്ന് ക കണ്ണെടുത്തില്ല. ചന്ദ്രനും നക്ഷത്രങ്ങളും എന്നോട് സംസാരിക്കുന്നത് പ്പോലെ എനിക്ക് തോന്നി.

ചന്ദ്രൻ:- നീ എന്താണ് ഇത്ര സങ്കടത്തിലായിരിക്കുന്നത്.
ഞാൻ:- എനിക്ക് വളരെ ഏകാന്ത അനുഭവപ്പെടുന്നു.

നക്ഷത്രങ്ങൾ :- എന്ത്..... മനുഷ്യൻ മാത്രമല്ല ഭൂമിയിൽ ജീവിക്കുന്നത്. ഞങ്ങൾ എന്നും നിന്റെ ജനാല കമ്പികൾക്കിടയിൽ ഞങ്ങൾ നിന്നെ നോക്കുന്നുണ്ടായിരുന്നു. പക്ഷേ നീ നിന്റെ ജീവിതത്തിൽ വളരെ അധികം സമ്മർതവും തിരക്കിലുമായിരുന്നു.

ഞാൻ:- എനിക്ക് ചുറ്റും നടക്കുന്ന ഒരു കാര്യങ്ങളും ഞാൻ ശ്രദ്ധിക്കുന്നില്ല. ജോലി , ജോലി എന്ന് മാത്രമായിരുന്നു. അതു കൊണ്ട് എനിക്ക് ഒറ്റപ്പെട്ടതുപ്പോലെ തോന്നുന്നത്.

ചന്ദ്രൻ:- മോനെ .. ജീവിതം വളരെ ചെറുതാണ് നീ ഇപ്പോൾ ചെയ്യേണ്ടതും ഇപ്പോൾ സന്തോഷിക്കേണ്ടതും, ആശ്വസിക്കേണ്ടതും ഇപ്പോൾ തന്നെ ചെയ്യണം. കാലം നിനക്ക് വേണ്ടി നിൽക്കില്ല.

എന്തോ ഞാൻ ഗാഢ നിദ്രയിലേക്ക് ആണ്ടുപ്പോയി. ഒരു ഇളം കാറ്റിലൂടെ തണുത്ത എന്റെ ശരീരം നക്ഷത്രങ്ങളാൽ പുതച്ചതും എന്റെ തല ചന്ദ്രൻ പതുക്കെ തലോടിന്നതുമായി എനിക്ക് തോന്നി.

ഞാൻ ഓർത്തു എനിക്ക് ചുറ്റും ആരും ഇല്ലാതിരിക്കുന്നില്ല. എനിക്ക് ഒരിക്കലും ഏകാന്തത അനുഭവപ്പെടുകയില്ല. കാരണം എനിക്ക് ചുറ്റും പ്രകൃതിയുണ്ട്.

# വെളുത്ത ചക്ക കുഞ്ഞ്

മുർഷിദ

നിലാവുപ്പെയ്യുന്ന ഒരു രാത്രി എല്ലാവരും സന്തോഷത്തോടെ ഉറങ്ങു-ങ്ങുമ്പോൾ നമ്മുടെ കഥാപാത്രം മാത്രം തേങ്ങി കരയുന്നു. ഈ സമയം ആകാശനവാതിലുകൾ തുറന്ന് അതിൽ നിന്ന് സുന്ദരിയായ ഒരു ദേവത ഇറങ്ങി വന്നു."എന്താ മകളെ നീ കരയുന്നത്". പ്ലാവ് മരം തേങ്ങി കൊണ്ട് പറഞ്ഞു.എനിക്ക് ഇന്നെവരെ ഒരു കുഞ്ഞ് ജനിച്ചിട്ടില്ല എന്ത് തെറ്റാണ് ഞാൻ ചെയ്തത്. പ്ലാവിന്റെ സങ്കടം കേട്ട് ദേവത പ്ലാവുമര-ത്തിന് മൂന്ന് ചക്കകുഞ്ഞുങ്ങളെ നൽകി. "നീ ഇവരെ മൂന്നു പേരെയും

ഒരെ പോലെ സ്നേഹിക്കണം അല്ലെങ്കിൽ ഒരു അനർത്ഥം സംഭവിക്കുന്നതാണ് ".എന്ന് പറഞ്ഞു കൊണ്ട് ദേവത മാഞ്ഞു പോയി.ഈ വാർത്ത കേട്ട പ്ലാവിന് സന്തോഷം അടക്കാൻ സാധിച്ചില്ല.

സൂര്യൻ മലകൾക്കിടയിലൂടെ ഉയർന്നു പോങ്ങി. പ്ലാവ് മരം സാധാരണത്തിലേറെ നേരത്തെ എണീറ്റു എന്നിട്ട് ചുറ്റും ഒന്ന് നോക്കിയപ്പോൾകുരുവാടിക്കിളിവന്നു പറഞ്ഞു. "പ്ലാവെ പ്ലാവെ നിനക്ക് ദേ രണ്ട് ചക്ക കുഞ്ഞുങ്ങൾ".ഇത് കേട്ട പ്ലാവ് ഞെട്ടി. "രണ്ടോ അപ്പോ മൂന്നാമത്തേത് എവിടെ.മൂന്നെണ്ണം ഉണ്ടെന്നാ പറഞ്ഞത്". "ആര്".ദേവത. എവിടെ ഞനൊന്നു നോക്കട്ടെ. പെട്ടെന്ന് കുരുവാടി അലറി അയ്യോ .എന്താ എന്തുപറ്റി. അയ്യോ ഒടിവായോ നമ്മുടെ പ്ലാവിന് ഒരു വെളുത്തചക്ക വെളുത്തചക്കാ....!. കുരുവാടി ഉറക്കെ പറഞ്ഞു. ആപ്രദേശത്തുണ്ടായിരുന്ന മുഴുവൻ ജന്തുമൃഗാതികളും ഓടിവന്നു എന്ത് വെളുത്തചക്കയോ ഇത് കേട്ട പ്ലാവ് മരം വീണ്ടും കരയാൻ തുടങ്ങി.അപ്പോൾ കാട്ട് രാജാവായ സിംഹം പറഞ്ഞു. മോളെ നീ നിനക്ക് തന്ന അനുഗ്രഹത്തെ സന്തോഷ പൂർവ്വം സ്വീകരിക്ക് അതിൽ അനുഗ്രഹം ഉണ്ടാകും.ഇത് കേട്ട പ്ലാവ് അവളുടെ സങ്കടങ്ങൾ അടക്കി പിടിച്ചു.

അങ്ങനെ കുറെ ദിവസങ്ങൾ കടന്നു പോയി.മൂന്ന് ചക്കകളും യുവാക്കളായി.അങ്ങനെയിരിക്കെ ഒരു ദിവസം ചക്കമരം മക്കളോട് പറഞ്ഞു.മക്കളെ ഞാൻ മരിക്കാനാവാനായി നിങ്ങൾ രണ്ട് പേരും നമ്മുടെ തലമുറയെ സംരക്ഷിക്കണം അപ്പോൾ നമ്മുടെ വെളുത്തചക്ക പറഞ്ഞു.അമ്മേ ഞാൻ സംരക്ഷിക്കാം നമ്മുടെ

തലമുറയെ.ഇത് പറഞ്ഞ് കഴിഞ്ഞപ്പോയെക്കും മറ്റു ചക്കകൾ നീയോ എന്നിട്ട് വേണം വെളുത്തചക്ക സാമ്രാജ്യം ആകാൻ.ആ രാത്രി മുഴുവൻ വെളുത്തചക്ക കരഞ്ഞു.അപ്പോൾ രണ്ട് മനുഷ്യരുടെ ശബ്ദ്ം കേട്ടു.ഡാ ആ അത് മതി അത് രണ്ടും നല്ലവണ്ണം മൂത്തിട്ടുണ്ട്.അത് എടുക്കാം അങ്ങനെ ആ രണ്ട് ചക്കകളെയും രണ്ട് മനുഷ്യർ പറിച്ചുകൊണ്ടു പോയി.ഇത് കണ്ട വെളുത്തചക്ക ഉറക്കെ നിലവിളിച്ചു.പക്ഷേ ആര് കേൾക്കാനാ ആ രാത്രിയിൽ. അങ്ങനെ നേരം പുലർന്നു പക്ഷേ കാട്ടിലെ രണ്ട് പേര് ഒഴികെ എല്ലാവരും ഉറങ്ങുകയാണ്.അത് ചക്കയും പ്ലാവുമരവുമാണ്. എവിടെ എന്റെ കുഞ്ഞുങ്ങൾ രണ്ട് പേരും? വെളുത്തചക്ക നടന്ന കാര്യങ്ങൾ എല്ലാം പറഞ്ഞ് കൊടുത്തു.അതി ശേഷം സൂര്യന്റെ മറവിൽ നിന്ന് ആ ദേവത വന്നു.ഏ പ്ലാവു മരമേ നീ നിന്റെ കുട്ടികളെ ഒരു പോലെ നോക്കിയില്ല അതു കൊണ്ട് ഇനി നീ ഭൂമിയിൽ ജീവിക്കാൻ പാടില്ല.പെട്ടെന്ന് പ്ലാവ് അപ്രത്യക്ഷമായി.

# THE END

# വൃക്ഷത്തെ
# സ്നേഹിച്ച ബാലൻ

റമീസ

## തിരക്കഥ

**Seen:1**

ബാലചന്ദ്രൻ എന്റെ അനുജന്റെ മകനാണ്.കുട്ടിക്കാലം മുതൽ വൃക്ഷങ്ങളോടും ചെടികളോടുമെല്ലാം അവന് വാത്സല്യമായിരുന്നു.എന്തെങ്കിലും മുളച്ചത് കണ്ടാൽ വ-ളരെനേരം അവൻ സൂക്ഷിച്ചുനോക്കിനിൽക്കും.ഏതോ ഒരു വലിയ ശാസ്ത്രത്വം കണ്ട്പിടിക്കാൻ ശ്രമിക്കുന്ന-തുപോലെ.

**Seen:2**

ഒരുദിവസംകാലത്ത്ഞാൻ പത്രംവായിച്ച്കൊണ്ടിരിക്കു-കയായിരുന്നു.പ്രധാനവാർത്തയിൽ ശ്രദ്ധകേന്ദ്രീകരി-

ക്കുകയാണ്.ബാലൻ ഓടിവന്നു കൈക്കുപിടിച്ച് തോട്ട-

ത്തിലേക്ക് കൊണ്ടുപോയി.അവിടെ ചെറിയ വൃക്ഷം -

ചൂണ്ടിക്കാണിച്ച് എന്നോടേ ചോദിച്ചു"വല്യച്ഛാ,ആ മര-

ത്തിന്റെ പേരെന്താ?

**Seen:3**

നോക്കിയപ്പോൾ കണ്ടത് ചെറിയ ഇലവുമരം തോട്ടത്തി-

ന്റെ നടപാതയുടെ നടുവിൽ വളർന്നുവരുന്നതാണ്.

ബാലചന്ദ്രൻ തെറ്റിദ്ധരിച്ചാണ് എന്നെ അങ്ങോട്ട് വിളി-

ച്ചുകൊണ്ട്പോയതെന്ന് ആദ്യം ഞാൻ സംശയിച്ചു.അ-

ത് ശരിയല്ല.

**Seen:4**

ആ ചെറിയമരം മുളച്ചുവന്ന കാലം മുതൽ അവൻ അ-

തിൽ ശ്രദ്ധിക്കുകയായിരുന്നു.കുട്ടികൾ സംസാരിച്ചു

തുടങ്ങുമ്പോൾ അമ്മമാർക്കുണ്ടാകുന്ന സന്തോഷമാണ്,
അതിന് ഇലകൾ വന്നപ്പോൾ അവനുണ്ടായത്. പിന്നെ
ദിവസം മുതൽ കാലത്തും വൈകുന്നേരവും അവൻ
തന്നെ പോയി അതിന് വെള്ളമൊഴിക്കും. എത്രത്തോ-
ളം വളരുന്നുവെന്ന് ദിവസവും പോയി നോക്കും. ഇല-
വുവൃക്ഷം വളരെ വേഗത്തിൽ വളർന്നുപൊങ്ങുന്നു.
എന്നിട്ടും ബാലചന്ദ്രന്റെ ആഗ്രഹത്തിനനുസരിച്ച്
അതിനുവളരാൻ കഴിയുന്നില്ല. കുറേശ്ശെ ഇലകളും
കൊമ്പുകളും വന്ന് രണ്ട്മൂന്നടി പൊക്കം വെച്ചപ്പോൾ
അവന്റെ അത്ഭുതം പറഞ്ഞറിയിക്കാൻ പ്രയാസം.
അൽപം അകന്നുനിന്നു നോക്കി പുഞ്ചിരിച്ചുകൊണ്ട്
കൂടെക്കൂടെ അവൻ പറയും.

## Seen:5

"ഹാ,എന്തു ഭംഗിയുള്ള മരം".കുട്ടിയുടെ ബുദ്ധി വികസിക്കുന്നതുകണ്ട് അമ്മ ആശ്ചര്യപ്പെടുന്നതു പോലെ.ഇലവുമരം കണ്ടിട്ട് ഞാനും അത്ഭുതപ്പെട്ടു നിൽക്കുമെന്നാണ് അവൻ വിചാരിച്ചത്.ഞാൻ പറഞ്ഞു:"അത് ശരി ! അതു വെട്ടിക്കളയാൻ തോട്ട-ക്കാരനെ ഏർപ്പാടുചെയ്യാം."ബാലചന്ദ്രൻ ഞെട്ടിപ്പോ-യി.അവൻ സങ്കടപ്പെട്ടു പറഞ്ഞു.

## Seen:6

"എന്തു കഷ്ടമാണു വല്യച്ഛാ!ആ മരം വെട്ടിക്കളയരു-തെന്ന് ഞാൻ കാലുപിടിച്ചപേക്ഷിക്കയാണ്."

"കുഞ്ഞേ,നീ പറയുന്നതു ശരിയല്ല. ഒന്നാമത് വഴി-യുടെ നടുക്കാണ് ആ മരം നിൽക്കുന്നത്. വളർന്നു വലുതായാൽ അതിന്റെ കായ്കൾ പൊട്ടിത്തെറിച്ച്

പഞ്ഞി നാലു ചുറ്റും പറന്നു നടക്കും. അതെല്ലാവർ-
ക്കും ശല്യമായിത്തീരും."

എന്റെ അടുത്തു കാര്യം പറ്റുന്നില്ല എന്നു കണ്ടപ്പോൾ
അവൻ വല്ല്യമ്മയുടെ അടുത്തേക്ക് ഓടിപ്പോയി.

**Seen:7**

വല്ല്യമ്മയ്ക്കു മക്കളില്ല.അവന് അമ്മയുമില്ല.അതു -
കൊണ്ട് വല്ല്യമ്മയുടെമകനായിട്ടാണ് അവനിവിടെ വ-
ളരുന്നത്.അവരുടെ മടിയിൽ കയറി കഴുത്തിൽ കെട്ടി
പിടിച്ചിരുന്നുകൊണ്ട് അവൻ പറഞ്ഞു:"വല്ല്യമ്മേ,വ-
ല്ല്യച്ഛനോടു പറയണം,ആ ഇലവുമരം വെട്ടിക്കളയരു-
തെന്ന്."പഞ്ഞി ഏതായാലും പറ്റി.വല്ല്യമ്മ വല്ല്യച്ഛനെ
വിളിച്ച് ആജ്ഞാപിച്ചു:

## Seen:8

"ഹോ!കേട്ടോ!ആഞ്ഞിലവുമരം വെട്ടിക്കളയരുത്.അതവി-ടെ നിൽക്കട്ടെ."മരം വെട്ടിയില്ല.അതവിടെത്തന്നെ -കുറ്നാൾകൂടി നിന്നു.ബാലചന്ദ്രൻ കാണിച്ചുതന്നില്ലെങ്കി ഒരുപക്ഷേ,ഞാനതു ശ്രദ്ധിക്കുകയില്ലായിരുന്നു.

അനുജന്റെ ഭാര്യ മരിക്കുമ്പോൾ ബാലചന്ദ്രൻ കൈ -കുഞ്ഞായിരുന്നു.അവൾ മരിച്ചതോടുകൂടി ദുഃഖം-സഹിക്കാനാവാതെ അനുജൻ സ്ഥലം വിട്ടുപോവാൻ തീർച്ചപ്പെടുത്തി.എൻജിനീയറിങ് പഠിക്കാൻ ഇംഗ്ലണ്ടി ലേക്കാണ് പോയത്.അന്നുമുതൽ അവന്റെ കുട്ടി എന്റെ വീട്ടിൽ വന്ന് വല്യമ്മയുടെ മടിയിൽ സ്ഥാനം പിടിച്ചു.

## Seen:9

പത്തുകൊല്ലം കഴിഞ്ഞ് അനുജൻ മടങ്ങി വന്നു.ബാ-

ലചന്ദ്രനെയും ഇംഗ്ലണ്ടിലയയ്ക്കണമെന്ന് അവൻ തീർച്ച

പ്പെടുത്തി.അതിന്റെ പ്രാരംഭമായി പരിശീലനത്തിനു

വേണ്ടി കുറേനാൾ അവനെ സിംലയിൽ താമസിപ്പിക്ക-

ണം.അതു കഴിഞ്ഞ് ലണ്ടനിലേക്കു കപ്പൽ കയറും.

വല്യമ്മയുടെ അടുത്തുനിന്നു വിമ്മി വിമ്മി കരഞ്ഞു

കൊണ്ടാണ് ബാലചന്ദ്രൻ അവന്റെ അച്ഛനോടുകൂടി

സിംലയ്ക്കുപോയത്.അവന്റെ വേർപാടോടെ

ഞങ്ങളുടെ വീട് ഉറങ്ങിപ്പോയി.

**Seen:10**

ഇലവുമരം വീണ്ടും വളർന്നുവലുതായി.അതിന്റെ

കായ്കൾ വിളഞ്ഞുപൊട്ടി നാലുചുറ്റുംപഞ്ഞി പറന്നു.

എല്ലാവർക്കും അതൊരുപദ്രവമായിത്തീർന്നു.വരു-

ന്നവരും പോകുന്നവരുമെല്ലാം ഇതെന്തിനിങ്ങനെ -

നിർത്തിയിരിക്കുന്നു എന്ന് എന്നോട് ചോദിക്കും.

ഉപദ്രവം സഹിക്കാൻ വയ്യാതായപ്പോൾ അതു വെട്ടി-

മുറിച്ചു കളയാൻ ഞാൻ ഏർപ്പാടു ചെയ്തു.

**Seen:11**

കുറേ ദിവസം കഴിഞ്ഞ് സിംലയിൽ നിന്ന് ബാലചന്ദ്ര-

ന്റെ ഒരു കത്ത് അവന്റെ വല്യമ്മയ്ക്കു കിട്ടി.സ്വന്തം

കൈപ്പടയിലാണു കത്തെഴുതിയിരിക്കുന്നത്.

"എനിക്ക് ഇലവുമരത്തിന്റെ ഒരു ഫോട്ടോ എടുത്ത-

യച്ചുതരണം." ഇതാണു കത്തിലെ ഉള്ളടക്കം.

ബിലാത്തിക്കു പോകുന്നതിനു മുമ്പായി വല്യമ്മയുടെ

അടുത്തുവന്ന് യാത്ര ചോദിക്കണമെന്ന് അവന്

ആഗ്രഹമുണ്ടായിരുന്നു.ഇലവുമരവും ഒന്നു കാണണം.

രണ്ടും സാധിച്ചില്ല.അതുകൊണ്ടാണ് തന്റെ കൂട്ടുകാ-

രന്റെ ഫോട്ടോ എടുത്തയക്കണമെന്ന് ആവശ്യപ്പെട്ടിരി-

ക്കുന്നത്.അതുകൂടി ബിലാത്തിക്കു കൊണ്ടുപോകണം.

അവൾ എന്നെ വിളച്ചു പറഞ്ഞു.

**Seen:12**

"ഹാ കേട്ടോ!ഒരു ഫോട്ടോഗ്രാഫറെ വിളികൊണ്ടു

വരണം.ഇപ്പോൾ തന്നെ വേണം."

ഞാൻ ചോദിച്ചു:"ഉം,എന്തിന്?"

**Seen:13**

ബാലചന്ദ്രന്റെ കത്ത് വായിച്ചുനോക്കുന്നതിനുവേണ്ടി

അവൾഎന്റെ കൈവശം തന്നു.കത്തു വായിച്ചശേഷം

ഞാൻ പറഞ്ഞു:"ഓ,ആ ലവുമരം മുറിച്ചുകളഞ്ഞിട്ട്

ദിവസങ്ങൾഎത്രയോ കഴിഞ്ഞു."

അവന്റെ വല്യമ്മ രണ്ടു ദിവസം ആഹാരം കഴിച്ചില്ല.

കുറേദിവസത്തേക്ക്എന്നോട് ഒന്നും മിണ്ടിയതുമില്ല.

**Seen:14**

ബാലചന്ദ്രനെ അവന്റെ അച്ഛൻ കൈയിൽ എടുത്തുകൊണ്ടുവന്ന ദിവസവും തന്റെ അടുത്ത്നിന്ന് അവനെ അപഹരിച്ചുകൊണ്ടുപോയ ദിവസവും അവർ ഓർത്തിട്ടുണ്ടാവാം.അന്ന് അവർക്കൊന്നും പറയാൻ കഴിഞ്ഞില്ല.ഇപ്പോൾ ഇതാ,വല്യച്ഛൻ അവന് ഏറ്റവും ഇഷ്ടപ്പെട്ട മരവും മുറിച്ചുകളഞ്ഞിരിക്കുന്നു.ജീവിതം മുഴുവൻ അവർക്ക് മറക്കാൻ കഴിയാത്ത സംഭവങ്ങളാണിവ.അവളുടെ ജീവിതത്തിന്റെ ലക്ഷ്യം തകർന്നുപോയിരിക്കുന്നു.

THE END

# ആ രാത്രി

ഹനാൻ

പാറുവും കാർത്തുവും കൂട്ടുകാരും കൂടി സിനിമ കാണാൻ പോയി. രാത്രി ഏറെ വൈകിയാണ് അവർ എത്തിയത്.

സീൻ : 1

( രാത്രി 12, പാറു കുളിക്കാൻ കയറി.)

മണി കഴിഞ്ഞാണ് ഒരു വിചാരമേയില്ലാതെയാണ് പാറു അവിടെക്കിടന്ന് ഒച്ചത്തിൽ സംസാരിക്കുന്നത്. അവളുടെ ആ ഉച്ചത്തിലുള്ള സംസാരം കേട്ടാലറിയാം അവൾ നന്നായിപ്പേടിച്ചിട്ടുണ്ടെന്ന്. പുറത്ത് കൂട്ടിന് എന്നെ നിർത്തിയിട്ടാണ് അവളുടെ നീരാട്ട്.

സീൻ : 2

(കാർത്തുവിന്റെ ക്ഷമ നശിക്കുന്നു.)

പാറൂ നീ വേഗം ഇറങ്ങിവാ, ഇല്ലങ്കിൽ ഞാൻ ഇപ്പോ പോകും.

പോകല്ല ഡീ കാർത്തു...........

എനിക്ക് പേടിയാ ..........

നീ എന്തിനാ പേടിക്കുന്നോ ..........

പ്രേതം വന്നാല്ലോ .........

മണ്ണാക്കട്ടെ . ഇറങ്ങി വരുമ്പോൾ നീ എന്റെ കൈയ്യിൽ നിന്ന് മേടിക്കും. പ്രേതത്തിനെയല്ല മനുഷ്യനേയാമണ് ഇന്നത്തെ കാലത്ത് പേടിക്കേണ്ടത്.

മനുഷ്യനേ പേടിക്കണ്ട, അവരെ തള്ളിയിട്ടാൽ മറിഞ്ഞു വീഴും. പക്ഷേ പ്രേതം അങ്ങനെയല്ലല്ലോ.

ഒന്ന് പോടീ ........ ഇത്ര പേടിയാണെങ്കിൽ നീ എന്തിനാ ഞങ്ങളുടെ കൂടെ സിനിമ കാണാൻ വന്നത്.

പേടി മാറ്റാൻ ...........

എന്നിട്ട് പേടി മാറിയോ......

ഇപ്പോ ഇരട്ടിയായി. ഇനി മേലാൽ സിനിമ കാണാൻ വന്നാലുണ്ടല്ലോ എന്റെ സ്വഭാവം മാറും പറഞ്ഞേക്കാം.

നിങ്ങളെ പ്പോലെ അല്ല ഞാൻ, എനിക്ക് പ്രേതത്തെ കാണാൻ കഴിയും. ഇങ്ങെ തള്ളാതെ പെണ്ണേ . ഇതിലും നല്ലത് പേടിക്കുന്നത് തന്നെയാണ്.

കാർത്തു........ മുറിയിൽ ചെന്നാൽ ഉടനെ ഫോണിൽ നിന്ന് സിനിമ ഡിലീറ്റ് ചെയ്യണേ................

അത് എന്തിനാ................

അതിലെ വീഡിയോ കാണുന്ന എല്ലാവരേയും പ്രേതം പിടിക്കുന്നില്ലേ.

" ദുരന്തം"

ഒന്ന് ഇറങ്ങി വാടീ..........

(കതക് തുറന്ന് ഇറങ്ങാൻ നേരം അവൾ തിരിഞ്ഞു നോക്കുന്നു.)

സീൻ - 3

(ഷവറിൽ കൂടി മുടി ഇരങ്ങി വരുന്ന പ്പോലെ പാറുവിന് തോന്നുന്നു)

അയ്യോ പ്രേതം .............

എന്തിനാടീ നിലവിക്കുന്നേ ............

ഷവറിൽ നിന്നും മുടി ഇറങ്ങി വരുന്നു. മുടി അല്ല ആന, ഒന്ന് ഇറങ്ങി വാ .....................

സീൻ - 4

(കാർത്തു പാറുവിന്റെ കൈയും പിടിച്ച് വലിച്ചോണ്ട് മുറിയിലേക്ക് പോകുന്നു)

കുറച്ച് സമയം കഴിഞ്ഞിട്ടും പാറുവിന് ഉറക്കം വരുന്നില്ല. മനസ്സിൽ ഭയങ്കര അസ്വസ്ഥയായിരുന്നു.

(അവൾ തന്നത്താൽ പറഞ്ഞു)

എനിക്ക് എന്തോ കുഴപ്പം കാണും , അല്ലങ്കിൽ ഇത്രയും പേടിക്കുമോ......?

എന്താ എനിക്കു മാത്രം ഇങ്ങനെയെക്കൊണന്നേ.....? വേറെ ആർക്കും ഒരു കുഴപ്പവു ഇല്ലല്ലോ.....കുഞ്ഞിലേയുള്ള പ്രേതകഥയൊക്കെ പറഞ്ഞു പേടിപ്പിച്ച് വീട്ടുക്കാരെ പറഞ്ഞാൽ മതി.

(അവൾ തിരിഞ്ഞും മറിഞ്ഞും കിടകികുന്നു)

(അവൾ പതിയെ കട്ടിലിൽ നിന്നെഴുന്നേറ്റ് നിൽക്കുന്നു)

(അടുത്ത പതിയെ കട്ടിലിൽ നിന്നെഴുന്നേൽക്കുന്നു)

(അടുത്ത 3 കട്ടിലും ഒഴിഞ്ഞ് കിടക്കുന്നതായിട്ട് പാറു കാണുന്നു)

(അവൾ തന്നത്താൽ പറയുന്നു)

എല്ലാവരും എവിടെ .?

(പാറു പതിയെ എഴുന്നേറ്റു ലൈറ്റിടുന്നു)

സീൻ - 5

( പെട്ടന്ന് , ബാൽക്കണിയിൽ നിന്ന് എന്തോ ശബ്ദം കേൾക്കുന്നു)

(പാറു അങ്ങോട്ട് പോകുന്നു)

അവൾ തന്നത്താൽ പറയുന്നു

എല്ലാവരും അവിടെയുണ്ടന്ന് തോന്നുന്നു. എന്തായാലും ഉറക്കമില്ല. എന്നാൽ പിന്നെ അവിടെ നിന്ന് കുറച്ച് വർത്തമാനം പറയാംം.

(പക്ഷേ അവിടെ എത്തിയപ്പോൾ ആരെയും കാണാനില്ല. പെട്ടെന്ന് ശക്തമായി കതക് അടയുന്നു. പാറു അവിടെ ഒറ്റക്കാകുന്നു)

പാറു ..........അലറി,. എല്ലാവരും ഓടിയെത്തുന്നു..........

എന്താടീ പറ്റിയെ ?

ഒന്നുമില്ല , ഒരു സ്വപനം കണ്ടതാ............

)

(
0

# ഉടപ്പിറപ്പുകൾ

നൗറ

ഇളം കാറ്റ് അവളുടെ ശിരസ്സിൽ തലോടിയപ്പോഴും വേദനമറച്ച് വെക്കാൻ അവൾക്ക് കഴിഞ്ഞില്ല. അമ്മയുടേയുംഅച്ഛന്റേയും മരണം അവളെ അപ്പോഴേക്കും തീരാദുഖത്തിലാഴ്ത്തിയിരുന്നു..

നേരം ഇരുട്ടി.....ആകാശത്തു നിന്ന് അവളുടെ കണ്ണുനീർപോലെ മഴപെയ്തുകൊണ്ടിരുന്നു..അവൾക്ക് ഒരു ലക്ഷ്യവുമുണ്ടായിരുന്നില്ല.....കീറിയതും മുഷിഞ്ഞതുമായ വസ്ത്രം ധരിച്ച അവൾ പലർക്കും പരിഹാസപാത്രമായി....ആ കുഞ്ഞു മനസ്സ് വളരെയേറെ വേദനിച്ചു....അമ്മയുടെ താരാട്ടുപാട്ടില്ലാതെ സ്നേഹമില്ലാതെ ഉറക്കം നഷ്ടപ്പെട്ടു....

പിറ്റേന്നും പതിവുപോലെ സൂര്യനുദിച്ചു....അവൾ എങ്ങോട്ടെന്നില്ലാതെ നടന്നു തുടങ്ങി....യാചിച്ചു കിട്ടിയ ചെറിയ തുക കൊണ്ട് കടയിൽ കയറുമ്പോൾ ആളുകൾ പലതും പറയാൻ തുടങ്ങി.."എവിടന്ന് കെട്ടെടുത്തതാണാവോ...നാശം....." ഹോട്ടലുടമ "പീടികയാകെ വൃത്തികേടാക്കാൻ വന്ന ജന്തു" എന്ന് പറഞ്ഞ് അവളെ ആട്ടിയകറ്റി....ഇതൊക്കെ കേട്ടിട്ടും കണ്ണീർ വാർക്കാനേ അവൾക്കായുള്ളൂ....കാലം കഴിയും തോറും ആരെങ്കിലുമൊരാൾ തന്റെ തുണക്കെത്തുമെന്ന ചിന്തയോടെ അവളെങ്ങിനെയൊക്കെയോ കഴിച്ചു കൂട്ടി...

അങ്ങിനെയിരിക്കെ ഒരുദിവസം മാന്യനായ ഒരാൾ അവളെ അനാഥശാലയിലെത്തിച്ചു....കൂട്ടുകാർ, ചേച്ചിമാർ, സംരക്ഷകർ .........എല്ലാം പുതിയ അനുഭവങ്ങൾ.....പഠിപ്പിൽ മികവു കാണിച്ച

## അവൾക്ക് ഒടുവിൽ ജോലിയും നേടാനായി.....ജീവിതത്തിൽ ഒറ്റപ്പെടുന്നവരെ സഹായിക്കണമെന്ന ദൃഢനിശ്ചയം അവളുടെ മനസ്സിൽ അലയടിച്ചാർത്തിരമ്പി.....

## നൗറ....

അവസാനത്തെ മഴ

ഫാത്തിമ റിൻഫ 9I

മഴ എന്തെന്നറിയാത്തവരായ ആരും ഉണ്ടാവില്ല.എന്നാൽമഴയെ യഥാ
ർത്ഥത്തിൽ മനസ്സിലാക്കിയവർ ആരുമുണ്ടാവില്ല. ആദ്യമായും അവസാന
മായുംഒരു മഴമാത്രം കണ്ടവരുമുണ്ടാവാം.അങ്ങനെയുള്ള ഒരാൾആയിരുന്നു
കുട്ടൻ.
അന്ന് രാവിലെ അമ്മഒരുപാട് വിളിച്ചുണർത്തി. കുട്ടൻ എണീക്കാൻ കൂട്ടാ
ക്കിയില്ല. എന്തെന്നാൽ അവൻസ്വപ്നം കാണുകയായിരുന്നു. അന്നവന്റെ
സ്വപ്നത്തിൽമുഴുവൻ മഴയായിരുന്നു അവൻ ഇതുവരെമഴണ്ടതായി ഓർക്കു
ന്നില്ല. അവനിപ്പോൾ മൂന്ന് വയസ്സ് ആയിരുന്നു. ഇതുവരെ മഴയത്തു കളി
ച്ചില്ല, കണ്ടതായി ഓർക്കുന്നില്ല. കാരണം അവന്റെ പിന്നിട്ട രണ്ട് വർഷ
ത്തിലും പകുതികാലവും അവൻ ആശുപത്രിയിലും ചികിൽസയിലും ആയിരുന്നു.
എന്തെന്നാൽ അവന് ഒരു വയസ്സുള്ളപ്പോൾ മഴനനഞ്ഞ് പനിപിടിച്ചതാണ്. അങ്ങ
നെ രണ്ട് കാലവർഷം അവനിൽകഴിഞ്ഞ് പോയി.

പോയനഷ്ടങ്ങളെ ഓർത്ത് അവന്ആദിയില്ലായിരുന്നു. വരും മഴക്കാലമെനങ്കിലും-
ഒന്നാസ്വതിക്കാൻ അവൻ ആഗ്രഹിച്ചു. അവന് വെള്ളത്തിൽ കളിക്കുന്നതും തണക്കു-
ന്നതും വലിയ ഉൽസാഹമാണ്. അത്കൊണ്ട്തന്നെയാവണം, ഇതുവരെ അമ്മഅവനെ-
മഴകാണിച്ചിട്ടില്ല. അവനെങ്ങാൻ മഴയത്തേക്ക്ചാഞ്ഞാൽ വല്ലപനിയുംപിടികൂടും. പിന്നെ
അതിന്റെപിറകെ മാസങ്ങൾ ആശുപത്രിയിലും കഴിഞ്ഞ്കൂടണം. അതോർത്താണ് അമ്മ
വേവലാതിപ്പെടുന്നത്.പിന്നെ മുത്തശ്ശി പറഞ്ഞാണ് അവന് മഴയെ കുറിച്ചുള്ള ധാരണ മനസ്സി
ൽ വന്നത്. അമ്മപിറുപിറുക്കും.
എങ്കിപിന്നെ മുത്തശ്ശീം കുട്ടീംമഴയത്ത് അങ്ങനെകളിച്ചോണ്ടിരുന്നോ പനിപിടിച്ച്ആശുപത്രി
യിൽപോയി കെടക്കാലോ. ഇതൊക്കെകേട്ട്അവൻ മുത്തശ്ശീടെമുഖത്തേക്ക് നോക്കി നിൽ
മുത്തശ്ശി ഒരു ചെറുപുഞ്ചിരിയോടെ അവനോട് പറയും "നിനക്ക് മഴ കാണണോ?
ഞാൻ കാണിച്ച് തരണ്ട്". അവൻ ആശ്ചര്യത്തോടെയും ആകാംശയോടെയും മുത്തശ്ശി
യുടെ മുഖത്തേക്കും അമ്മയുടെ മുഖത്തേക്കും മാറി മാറി നോക്കും. അമ്മ എന്തേ ഇങ്ങനെ പറയുന്നു.
എന്നവൻ ചന്തിക്കും . മുത്തശ്ശിയാണെങ്കിൽ അവനെ അതിൽ തൽപര്യപ്പെടുത്തുകയും ചെയ്യുന്നു. അമ്മ
പറയുമ്പോൾ മഴ അവന് ഒരു പേടി സ്വപ്നം പോലെയാണ്.മുത്തശ്ശിയുടെ വാക്കുകളിൽ അവന് കൗതുകം
വിടരും. അവൻ ഉറപ്പിച്ചു മഴയൊന്ന് കാണുക തന്നെ വേണം. അഛൻ പറഞ്ഞിട്ടുണ്ട്.മഴ ആകാശത്ത് നി
ന്ന് വെള്ളം വീഴുന്നതാണ്. ചെലപ്പോ ഒരുപാട്പെയ്യും. അല്ലെങ്കിൽ തീരെപെയില്ല. അതിന് ഒരുപ്രത്യേക
കാല മൊക്കെയുണ്ട്. അതോർത്താണ് അവൻ അന്ന് മഴ സ്വപ്നം കാണുന്നത്. കുളിക്കുമ്പോൾ അമ്മകോപ്പ
യിൽ വെള്ളം എടുത്ത് മേലോട്ട്ഒഴിക്കുന്ന പോലെയാണ്. അവൻ മഴ ആകാശത്ത് വീഴുന്നതായി സങ്കൽ

പ്പിക്കുന്നത്. അപ്പോഴേക്കും അമ്മവന്ന് തട്ടിയുണർത്തി. "എടാ എണീക്കടാ. മഴപെയ്യമാതിരിയുണ്ട്. ഉണി മുഴുവോം നനച്ചിട്ടുണ്ട്." അമ്മയുടെ ആവാക്കുകളിലെ മഴ അവൻ കേട്ടു. അവൻ പെട്ടന്ന് കണ്ണുകൾ തുറന്ന് അമ്മയെ മിഴിച്ച് നോക്കി. "അമ്മേമഴയെവിടെ"? അവലൻവളരെ ഉൽസാഹത്തൽ ചോദിച്ചു . "മഴയോ '?. മഴയൊന്നും പെയ്യുന്നില്ല. നീ വേഗം എണീക്ക്. വാ പല്ല് തേച്ച്തരാം. ചായേം കപ്പേം ഉണ്ടാക്കിട്ടുണ്ട്. വാ . അവൻ എണീറ്റു. നിക്കറിൽ നനവുണ്ട്, പായയിലും. മഴയായിരിക്കുമോ? അവൻ ഒന്ന് ചിന്തിച്ചു. അല്ല, മഴയല്ല ആണെങ്കിൽ എനിക്ക് പനിപിടിക്കില്ലേ. അന്ന് കാലത്ത് ചായ കുടിക്കുമ്പോ കേട്ടൻ പറഞ്ഞു അമ്മേ ടീചർ ഇന്നലെ ഒരു മഴ പ്പാട്ട്പാടിത്തന്നു. അവൻ കുട്ടേട്ടൻ പറഞ്ഞു. അവൻ കുട്ടേട്ടന്റെ മുഖത്തേക്ക് ഒന്ന്നോക്കി. മഴ ക്ക് പാട്ട് ഉണ്ടോ?. അവൻ ഒന്നോർത്തു.

മഴ എന്തൊരൽഭുതമാ കുട്ടികൾക്ക് പനീംപിടിക്കും,എന്നാ തുള്ളിച്ചാടി വരേംചെയ്യും, മുത്തശ്ശിപറഞ്ഞതാ "മഴ തുള്ളി ച്ചാടിയാ വരുന്നത് "മുത്തശ്ശി പറഞ്ഞു. മഴഅടുത്ത മാസം വരുംന്ന്. "എന്നാപിന്നെ മഴയെ എന്റെയടുത്ത് കിടത്തണംന്ന്".കുട്ടനും പറഞ്ഞു. അത് കേട്ട് മുത്തശ്ശി മോണകാട്ടി കുലുങ്ങിക്കുലുങ്ങി ചിരിക്കുന്നത് അവൻ നോക്കി നിന്നു. കുട്ടേട്ടൻ അവന്റെ മൂത്ത സഹോദരൻ ആണ്. രണ്ടാം ക്ലാസിലാ പഠിക്കുന്നത്. അവൻ വരുമ്പോഇടി പൊട്ട്ണതും കുൺമുളക്കുന്ന കാര്യവും പറയാറുണ്ട് കുട്ടനോട്. എന്റീശ്വരാ...എന്തൊരത്ഭുതാ ഈ മഴക്ക്. ഇടീം കൂണും ഒക്കെമഴകൊണ്ടരോ. പിറ്റേ ദിവസംകാലത്തെ ഒരു മഴച്ചാറ്റൽ ഉണ്ടായി. മുത്തശ്ശി വന്ന് അവനെ വിളിച്ചുണർത്തി. "മഴ വരുന്നുണ്ട്. നിനക്ക് കാണണ്ടേ". മുത്തശ്ശീടെ ഒക്കിലിരുന്ന് അവൻ ഉമ്മറത്ത് എത്തി. അമ്മ കാര്യമായൊന്നും പറയുന്നത് അവന്റെ ശ്രദ്ധയിൽ പെട്ടില്ല. മുറ്റത്തേക്ക് നോക്കിയ അവന്റെ ആഹ്ലാദം ശ്രദ്ധിച്ചു. മുത്തശ്ശി അവന്റെ കൈ പുറത്തേക്ക് നീട്ടിച്ചു. അവന് കുളിർമയായി. അമ്മപറഞ്ഞു ..മഴയത്തേക്ക് ഇറങ്ങണ്ടാട്ടോ അവൻ മുത്തശ്ശീടെ മുഖത്തേക്ക് നോക്കി കൊണ്ട് ചോദിച്ചു ;
മഴ കൂൺ കൊണ്ടന്നില്ലേ?. ഇടിയും കണ്ടില്ലല്ലേ. മുത്തശ്ശി അവനെ തലോടി. "അതൊക്കെ കാണിക്കാം. അവൻ മുത്തശ്ശീടെ ഒക്കിൽനിന്നും മഴയത്തേക്ക് ഇറങ്ങി. അതായിരുന്നു അവന്റെ അവസാന മഴ. അവന് പനിപിടിച്ചു. അവൻ ലോകത്ത് നിന്ന് വിടവാങ്ങി.

# തീരാത്ത കണ്ണീർ

രാവിന്റേ പുലരീയിൽ കിളികളുടെ കലപില ശബ്ദം.സൂര്യന്റെ ഇളം വെയിലിൽ അവൾ പുറത്തേക്ക് നോക്കി. ഇളം കാറ്റിലൂടെ ആടിയുലയുന്ന മരച്ചില്ലകളും അതിൽ പാറിക്കളിക്കുന്ന കിളികളോയും അവൾ നോക്കിയിരുന്നു.സന്ദോഷം നിറയുന്ന ഓരോ നിമിഷത്തിനും അവൾക്ക് സങ്കടവും കൂടപ്പിറപ്പാണ്.അഛനും അമ്മയും

അവളും തനിച്ച് താമസിക്കുന്ന വീടായിരുന്നു.അമ്മ പെട്ടെന്ന് നെൻജ് വേദന വന്ന് മരണപ്പെട്ടു.അന്ന് മുതൽ അവൾ

കണ്ണീരിന്റെ കൂടപ്പിറപ്പാണ്.അഛൻ രണ്ടാം ഭാര്യയെ വീട്ടിൽ കൊണ്ട് വന്നു.അവൾ അവരെ അമ്മ എന്ന്

തന്നെ വിളിച്ചു.സ്നേഹം എന്താണെന്ന് പോലും ആ അമ്മക്ക് അറിയില്ലായിരുന്നു.വീട്ടിലെ എല്ലാ പണികളും അവളെ കൊണ്ട്


ചെയ്യിപ്പിച്ചു.സ്കൂളിൽ പോകാൻ സമയമാകുമ്പോഴേക്കും വീട്ടിലെ പകുതി ജോലിയും അവൾ എടുത്തു തീർക്കണം.

ഒരേ ഒരു മകളല്ലേ എന്ന് കരുതി അച്ഛനെ പ്റത്തേകിച്ച് ഒരു സ്നേഹവുമുണ്ടായിരുന്നില്ല.രണ്ടാനമ്മ പറയുന്നത്

തന്നെ അച്ഛനും പറയുന്നു.സ്കൂളിൽ 10-)o ക്ളാസിലാണ് അവൾ.പടിക്കാനും കഴിവുള്ള കുട്ടിയാണ്.ടീച്ചേഴ്സിനെ

ഏറ്റവും ഇഷ്ട്പെട്ടതും ക്ളാസിൽ നന്നായി പടിക്കുന്ന കുട്ടിയുമാണവൾ.വീട്ടിലെ ഓരോ പണികളും കഴിഞ്ഞ്

എഴുതാനും പടിക്കാനുമുള്ള സമയം പോലും അവൾക്കുണ്ടായിരുന്നില്ല.സ്കൂളിൽ പോകാനുള്ള ബസ്സിന്റെ പൈസ പോലും ആരും കൊടുക്കാനില്ലാതെ ആ അമ്മയുടെ ആട്ടും തുപ്പും കേട്ട് അവൾ ആ വീട്ടിൽ



തോരാ മഴ

ഇളം കാറ്റ് തന്റെ ശരീരമാകെ വിറപ്പിച്ചു . ഇടിമുഴക്കത്തിന്റെയും മിന്നലിന്റെയും നേര്ത്ത ശബ്ദം മാത്രം. എവിടെ നിന്നൊക്കെയോ വാഹനങ്ങളുടെ ശബ്ദം കേൾക്കാം . ചുറ്റും വൃത്തിഹീനമായ വസ്തുക്കളും കവറുകളും. അവൾ കണ്ണുകൾ പതിയെ തുറന്നു . "കഴിയുന്നില്ലല്ലോ ദൈവമേ....... എനിക്ക് എന്തു പറ്റി". മഴത്തുള്ളികൾ ഓരോന്നായി അവളുടെ കണ്ണിലും ശരീരത്തിലുമായി വീണു . എന്നും മഴത്തുള്ളികളെ സ്നേഹത്തോടെ ആസ്വാദിച്ചിരുന്ന എനിക്ക് ഇന്ന് എന്റെ മേലിൽ വീഴുന്ന തുള്ളികളെല്ലാം ശരീരത്തിൽ കുത്തിതുളക്കുന്നു. എനിക്ക് എന്താ ഇവിടെ നിന്നും എണീക്കാൻ കഴിയുന്നില്ല . എന്റെ ചെറുവിരൽ പോലും അനക്കാൻ കഴിയുന്നില്ല . തന്നെ ആരാണ് ഇവിടെ കൊണ്ടിട്ടത്. അവൾ പതിയെ ചിന്തയിലാണ്ടു . നേട്ടങ്ങളുടെയും വിജയങ്ങളുടെയും മുന്നിൽ തലപൊക്കിപിടിച്ച ഞാൻ അച്ഛന് വേണ്ടി മാത്രമാണ് കഴിയുന്നത് . അച്ഛനെ കാണാൻ മദ്രാസിൽ നിന്നും കോളേജ് കഴിഞ്ഞ് എത്തിയതാണ്....

# മിന്നിത്തിളങ്ങുന്ന നക്ഷത്രം

ഹന്നത്ത്

നിലാവുള്ള രാത്രിയിൽ ആകാശത്തെ
മിന്നിത്തിളങ്ങുന്ന നക്ഷത്്റങ്ങളും ചന്ദ്രനും നോക്കി
അമ്മു ഉമ്മറത്ത് ഇരിക്കുകയായിരുന്നു. അവൾ
അഗാധമായ ചിന്തയിലായിരുന്നു.നക്ഷത്രങ്ങൾ
അവളെ നോക്കി സംസാരിക്കുന്നതു പോലെ തോന്നി.
അപ്പോഴാണ് അമ്മ വന്നത് അമ്മ അവളോട് ചോദിച്ചു
"നീ എന്താണ് ഇവിടെ ഇരിക്കുന്നത്, നീ
ഉറങ്ങുന്നില്ലേ?” “ഞാൻ കുറച്ചു സമയം കൂടി ഇവിടെ
ഇരിക്കട്ടെ. ആകാശത്തുള്ള നക്ഷത്രത്തേയും
ചന്ദ്രനേയും നോക്കി നിൽക്കാൻ നല്ല രസമാണ്.”
അപ്പോൾ അമ്മ പറഞ്ഞു "നീ ഒന്ന് വേഗം വന്ന്
ഉറങ്ങിക്കോ



ജിഷ്ണു

ഒരു കൊടും കാട്ടിൽ ഒരു പുലി താമസിച്ചിരുന്നു. അവൻ ഒരു ചെറുപ്പക്കാരനായിരുന്നു. അതുകൊണ്ട് അവന് ഇര പിടിക്കാൻ നല്ല കഴിവായിരുന്നു. അങ്ങനെ ഒരു ദിവസം അവൻ ഇര പിടിക്കാൻ വേണ്ടി പോയി. ആ കാട്ടിൽ വഴിയുമുണ്ട് അവിടേക്ക് ആണ് അവൻ  ഇര പിടിക്കാൻ പോകാറ്.അങ്ങനെ ആ വഴിയുടെ അരികിലുള്ള ഒരു പുല്ലിൽ ചെന്ന്  അവൻ ഒളിച്ചിരിക്കും. എപ്പോഴെങ്കിലും അതിലൂടെ യാത്ര ചെയ്യുന്ന മനുഷ്യനാണ് അവൻെറ ഇര. അങ്ങനെയിരിക്കെ അതിലൂടെ വന്ന ഒരാളെ തന്ത്രപരമായി പിടികൂടി. എന്നിട്ട് അയാളെ ശാപ്പിട്ട് കഴിഞ്ഞ് അവൻെറ പക്കലുണ്ടായിരുന്ന ഒരു പെട്ടിയുമായി പുലി വീട്ടിലെത്തിയ ശേഷം അവൻ പെട്ടി തുറന്നു നോക്കി. അതിൽ ഒരു സ്വർണ്ണ വളയായിരുന്നു എന്ന് അവന് മനസ്സിലായി. അത് അവൻ ആ പെട്ടിയിലാക്കി അവൻെറ ഗുഹയിൽ ഭദ്രമായിവച്ചു. അങ്ങനെ വർഷങ്ങൾ കടന്നു പോയി.അവന് വയസ്സായി ഇര പിടിക്കാനുള്ള കഴിവ് നഷ്ടപ്പെടാൻ തുടങ്ങി. അവൻ ഇര പിടിക്കാനുപയോഗിക്കുന്ന സൂത്രങ്ങളെല്ലാം പലപ്പോഴും പാളിപ്പോകാൻ തുടങ്ങി.അങ്ങനെ അവൻ ഒന്ന് ആലോചിച്ചു "ഇര പിടിക്കാൻ ഇനി എന്തുചെയ്യും?”
അപ്പോഴാണ് അവന് ആ പണ്ടത്തെ സ്വർണ്ണ വള ഓർമ്മ വന്നത്. അത് കൊണ്ട് വല്ലതും ചെയ്യാൻ പറ്റുമോ എന്ന് അവൻ ആലോചിച്ചു. സ്വർണ്ണത്തിന് മനുഷ്യർക്ക് ഭയങ്കര ആർത്തിയാണല്ലോ അതുകൊണ്ട് അവൻ സ്വർണ്ണ

വളയുമായി  സ്ഥിരം ഇര പിടിക്കാറുള്ള ആ പുല്ലിൽ പോയി ഇരുന്നു. എന്നിട്ട് ആ വള പുല്ലിൻെറ പുറത്തേക്ക് കാണും വിധം വച്ചു.അങ്ങനെ അവൻ കാത്തിരുന്നു. ഒരുപാട് പേർ അതിലൂടെ വന്നു,അവരെല്ലാരും സ്വർണ്ണ വള കണ്ടപ്പോൾ തന്നെ അത് എടുക്കാൻ വന്നു. അവർ അടുത്തെത്തുന്ന സമയം നോക്കി തന്നെ അവരുടെ അടുത്തെക്ക് ചാടും.
പക്ഷെ അവൻ വയസ്സായ കാരണം മനുഷ്യരുടെ അടുത്തേക്ക് ചാടാനോ,അവരുടെ പുറകെ ഓടാനോ അവന് കഴിഞ്ഞില്ല. അതോടെ അവൻ ആ ശ്രമം നിർത്തി. ഇനി എന്തെങ്കിലും സൂത്രം ഒപ്പിച്ചില്ലെങ്കിൽ തൻെറ പണി പാളുമെന്ന് അവന് മനസ്സിലായി. അതുകൊണ്ട് അവൻ ആ വള ഉപയോഗിച്ച് വേറെ സൂത്രം നടത്താം എന്ന് വിചാരിച്ച് അവൻ ആ വളയുമായി നിന്നു. അപ്പോൾ അതുവഴി ഒരാൾ വന്നു. അവൻ അയാളൊട് പറഞ്ഞു''ഇതാ ഈ വള നിങ്ങളെടുത്തോളൂ'' അപ്പോൾ യാത്രികൻ ചോദിച്ചു ''നിങ്ങളാരാണ് ?” അവൻ ''പറഞ്ഞു ഞാനൊരു വയസ്സൻ പുലിയാണ്. എൻെറ അടുത്ത് ഒരു വളയുണ്ട് കണ്ടിട്ട് സ്വർണ്ണമാണെന്ന് തോന്നുന്നു. അല്ലെങ്കിലും ഒരു പുലിയായ എനിക്കെന്തിനാണ് ഇത്, ഒരുപക്ഷെ നിങ്ങൾക്ക് ഇത് ഉപകരിച്ചേക്കാം'' അത് കേട്ടപ്പോൾ അയാൾ വളയെടുക്കാൻ വന്നു. ആ തക്കം നോക്കി അവൻ തന്നാലാവും വിധം അയാളെ ആക്രമിച്ച് ശാപ്പിട്ടു.
ഈ സൂത്രം ഫലിക്കുന്നു എന്ന് കണ്ടപ്പോൾ അവനത്

സ്ഥിരമാക്കി. അങ്ങനെ അവൻ പഴയ ആരോഗ്യം വീണ്ടെടുത്ത് പഴയ പോലെ ജീവിച്ചു.

ജിഷ്ണു